അവർകൾ മുഖാന്തരം കൊയിലാണ്ടി ഗവ. ഐ.ടി.ഐ. പി.ടി.എ. പ്രസിഡന്റ് മാരായിരുന്ന ശ്രീ. പി. കെ. രവീന്ദ്രൻ, ശ്രീ. ഗംഗാധരൻ കിടാവ് എന്നിവരിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) കൊയിലാണ്ടി ഗവ. ഐ.ടി.ഐ.-യെ ഒന്നാം നിര ഐ.ടി.ഐ-യായി ഉയർത്തുന്നതിനുള്ള ശിപാർശ 2013-14-ലെ ബഡ്ജറ്റിൽ സമർപ്പിച്ചിരുന്നു. എന്നാൽ ആയത് സംബന്ധിച്ച പ്രഖ്യാപനം ആ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിരുന്നില്ല. 2014-15, 2015-16 വർഷങ്ങളിലെ ബഡ്ജറ്റിലും കൊയിലാണ്ടി ഐ.ടി.ഐ. യെ ഒന്നാം നിരയായി ഉയർത്തുന്നതിന് തുക വകയിരുത്തിയിട്ടില്ല.

മാവേലിക്കര മണ്ഡലത്തിലെ ഉമ്പർനാട് ഐ.ടി.ഐ.

206 (5009) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ ഉമ്പർനാട് പട്ടികജാതി-ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.യിൽ നിലവിലുള്ള കോഴ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇവിടെ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതിക്ഷേമവകുപ്പിന്റെ കീഴിൽ മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.യിൽ കാർപെന്റർ, മെക്കാനിക്ക്, റേഡിയോ & ടെലിവിഷൻ എന്നീ കോഴ്സുകളാണുള്ളത്.

(ബി) പട്ടികജാതിക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ടി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടത് പട്ടികജാതി ക്ഷേമ വകുപ്പാണ്.

(സി) പട്ടികജാതി ക്ഷേമ വകുപ്പിൽനിന്നും ഈ വകുപ്പിൽ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

874/2017.

LIBRARY ARCHIVES Kerala Legislative Assembly